**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4365** **06-03-2023 - ൽ മറുപടിയ്ക്ക്**

**റിസർച്ച് ഇൻകുബേഷൻ പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാണിജ്യ സാധ്യതകളുള്ള കണ്ടെത്തലുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനും യുവ തലമുറയെ സജ്ജമാക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള റിസർച്ച് ഇൻകുബേഷൻ പ്രോഗ്രാമിന്റെ പ്രവർത്തന പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത്, വാണിജ്യ സാധ്യതകളുള്ള കണ്ടെത്തലുകളെ പ്രോത്സാഹിപ്പിക്കുന്നതിനും യുവ ഗവേഷകർക്ക് സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനും വേണ്ടി കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ 'റിസേർച് ഇൻകുബേഷൻ പ്രോഗ്രാം' എന്ന പരിപാടി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ ഉള്ള ഇൻകുബേഷൻ സെന്ററിന്റെ സഹകരണത്തോടു കൂടി നടത്തി വരുന്നു.<br><br>കേരളത്തിലെ ഗവേഷണ സ്ഥാപങ്ങളിൽനിന്നും ഉന്നത വിദ്യാഭാസ സ്ഥാപനങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഗവേഷകർക്ക് അവരുടെ ഗവേഷണത്തിന് അടിസ്ഥാനമായ ഉത്പന്നം വികസിപ്പിച്ചെടുക്കുന്നതിനും അതിനെ വാണിജ്യവൽക്കരിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായങ്ങളും മറ്റ് മാർഗനിർദ്ദേശങ്ങളും ഒരു ഇൻകുബേഷൻ പരിപാടിയുടെ ഘടനയിലൂടെ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം.<br><br>തിരഞ്ഞെടുക്കപ്പെട്ട 24 ഗവേഷകർ ഈ പരിപാടിയുടെ ഭാഗമായി 8 മാസം നീണ്ടുനിൽക്കുന്ന റിസേർച്ച് ഇൻകുബേഷന്റെ ആദ്യ ഘട്ടത്തിലൂടെ കടന്നു പോയ്ക്കൊണ്ടിരിക്കുകയും പരിപാടിയുടെ ഭാഗമായി ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് അവരുടെ കണ്ടെത്തലുകളുടെ പ്രോട്ടോടൈപ്പുകൾ നിർമ്മിക്കുകയും ചെയ്തുവരുന്നു. പ്രസ്തുത പരിപാടി തുടങ്ങി ഇതിനോടകം തന്നെ രണ്ടു ഗവേഷകർ പുതിയ സ്റ്റാർട്ടപ്പ് രജിസ്റ്റർ ചെയ്തു കഴിഞ്ഞു. പുതിയ സംരംഭങ്ങൾ തുടങ്ങാൻ ആവശ്യമായ വ്യവസായ സംബന്ധവും നിയമപരവുമായ അറിവുകൾ പകർന്നു കൊടുക്കുന്ന ശില്പശാലകൾ, മെന്റർഷിപ്പ് |

| | | | |
|---|---|---|---|
| | | | പ്രോഗ്രാമുകൾ, ബൂട്ക്യാമ്പുകൾ എന്നിവയും റിസർച്ച് ഇൻക്യുബേഷൻ പ്രോഗ്രാമിന്റെ ഭാഗമായി നടത്തി വരുന്നു.<br><br>ഈ പരിപാടിയിൽ പങ്കെടുക്കുന്ന ഗവേഷകരുടെ പ്രവർത്തന പുരോഗതി വിലയിരുത്താൻ റിവ്യൂ മീറ്റിംഗുകളും റിസർച്ച് ഇൻകുബേഷൻ പ്രോഗ്രാമിന്റെ നടത്തിപ്പിന്റെ പുരോഗതി അവലോകനം ചെയ്യാൻ വിദഗ്ധരടങ്ങുന്ന അസ്സസ്മെന്റ് കമ്മിറ്റി മീറ്റിംഗുകളും കൃത്യമായ ഇടവേളകളിൽ സംഘടിപ്പിക്കുന്നു. |
| (ബി) | ലോകത്തിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് സമ്മേളനമായ ജൈടെക്സിൽ സംസ്ഥാനത്ത് നിന്നുള്ള സ്റ്റാർട്ടപ്പുകൾ പങ്കെടുത്തിരുന്നോയെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ; | (ബി) | 2023-ലെ ജൈറ്റക്സിൽ 39 സ്റ്റാർട്ടപ്പുകൾ പങ്കെടുത്തു. പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (സി) | സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി രൂപം നൽകിയ ടെക്നോളജി ട്രാൻസ്ഫർ ആന്റ് കൊമേഴ്സ്യലൈസേഷൻ സപ്പോർട്ട് സ്കീം വിശദമാക്കാമോ? | (സി) | ഇന്ത്യയിലെ ഏതെങ്കിലും ഗവേഷണ സ്ഥാപനത്തിൽ നിന്നും ഒരു സാങ്കേതിക വിദ്യ അല്ലെങ്കിൽ ലൈസൻസ് കിട്ടിയ ശേഷം വാണിജ്യ സാധ്യത ഉള്ള ഒരു ഉൽപ്പന്നം വികസിപ്പിക്കുവാൻ പദ്ധതി ഉള്ള സ്റ്റാർട്ടപ്പുകൾക്ക് വേണ്ടി ആണ് കേരള സ്റ്റാർട്ടപ്പ് മിഷന്റെ ടെക്നോളജി ട്രാൻസ്ഫർ ആൻഡ് കൊമേഴ്സിലൈസേഷൻ സപ്പോർട്ട് സ്കീം രൂപം നൽകിയിട്ടുള്ളത് . പ്രസ്തുത സ്കീം പ്രകാരം ഒരു ഗവേഷണ സ്ഥാപനത്തിൽ നിന്നും സാങ്കേതിക വിദ്യ വാങ്ങുന്നതിനായി സ്റ്റാർട്ടപ്പ് നൽകിയ തുകയുടെ 90 ശതമാനം, ചില നിബന്ധനകളോടെ, കേരള സ്റ്റാർട്ടപ്പ് മിഷൻ തിരിച്ചു നൽകും. പരമാവധി പത്തു ലക്ഷം രൂപ വരെ ഇങ്ങനെ തിരികെ കൊടുക്കാം. കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും കേരള സ്റ്റാർട്ടപ്പ് മിഷന്റെ യൂണിക് ഐ.ഡി ഉള്ളതും നിലവിൽ പ്രവർത്തനനിരതവുമായ സ്റ്റാർട്ടപ്പുകൾക്കാണ് ഈ സ്കീമിൽ അപേക്ഷിക്കാൻ യോഗ്യത ഉള്ളത്. ഈ സ്കീമിന്റെ ഗുണഭോക്താവാകുന്ന സ്റ്റാർട്ടപ്പ് രണ്ടു വർഷത്തിനുള്ളിൽ, സാങ്കേതിക വിദ്യ ഒരു ഉല്പന്നമാക്കി മാറ്റി വിപണിയിൽ എത്തിക്കുകയും അതിൽനിന്നും ലഭിക്കുന്ന വിപണനത്തിന്റെ രണ്ട് ശതമാനം തുക റോയൽറ്റി ആയി സ്റ്റാർട്ടപ്പ് മിഷന് തിരിച്ചു നൽകുകയും വേണം. ഈ സ്കീമിലൂടെ സ്റ്റാർട്ടപ്പിനു ലഭിച്ച തുക മാത്രം റോയൽറ്റി ആയി തിരികെ നൽകിയാൽ മതിയാകും. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl No | List of Startups participated in GITEX 2023 |
|---|---|
| 1 | Kings Labs Innovations Pvt Ltd |
| 2 | Septa Milles Private Limited |
| 3 | Bodhwi technologies Pvt Ltd |
| 4 | Altersoft Innovations India Pvt Ltd |
| 5 | FreelanceTeams Private Limited |
| 6 | Rutakshi Technologies |
| 7 | CLOUD CONTROL (HybCloud Technologies) |
| 8 | iNDBYTES TECHNOLOGIES |
| 9 | FRESHCRAFT TECHNOLOGIES PVT LTD |
| 10 | Pinmicro India Pvt Ltd |
| 11 | SKEWBIRD TECHNOLOGIES PVT LTD |
| 12 | GreenAds Global Pvt Ltd |
| 13 | Resnova Technologies Pvt. Ltd. |
| 14 | QuickPay |
| 15 | Benlycos Pvt Ltd |
| 16 | NIVEOSYS TECHNOLOGIES PRIVATE LIMITED |
| 17 | Zedilab Software Systems |
| 18 | Acelr Tech Labs Pvt Ltd |
| 19 | Likes and Shares Pvt Ltd |
| 20 | skyniche |
| 21 | Teqard Labs Pvt Ltd |
| 22 | FEBNO TECHNOLOGIES PRIVATE LIMITED |
| 23 | ISFRC Technologies LLP |
| 24 | RIOD LOGIC PVT LTD |
| 25 | BEGO CARS PVT LTD |
| 26 | Easy Commune Online Services Private Limited |
| 27 | Makemybot Pvt Ltd |
| 28 | Innspark Solutions Private Limited |
| 29 | PixDynamics |
| 30 | Justkare Technologies Pvt LTD |
| 31 | M2H INFOTECH LLP |
| 32 | ORGAAYUR PRODUCTIONS PRIVATE LIMITED |
| 33 | Lightrains Technolabs Pvt Ltd |
| 34 | Klivolks Private Limited |
| 35 | Qkopy Online Services Private Limited |
| 36 | AINSURTECH PVT LTD |
| 37 | Metanoa Labs |
| 38 | GetLead |
| 39 | Prophaze Technologies Pvt Ltd |

സെക്ഷൻ ഓഫീസർ